പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1566 11.08.2017-ലെ മറുപടിക്ക്

**സുശീൽഖന്ന റിപ്പോർട്ട്**

ചോദ്യം

ശ്രീമതി.പി. അയിഷാ പോറ്റി

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ നവീകരണത്തിനായുള്ള സുശീൽഖന്ന റിപ്പോർട്ടിന്റെ പ്രധാന വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | സുശീൽ ഖന്ന കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.<br>എന്നാൽ കോർപ്പറേഷന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്രാഥമികമായ ചില ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയെ മൂന്ന് മേഖലകളായി തിരിക്കുക, പ്രൊഫഷണലുകളെ നിയമിക്കുക, വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിക്കുക, വർക്ക്ഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, ബസ് ബോഡി നിർമ്മാണം, ടയർ റീട്രേഡിംഗ്, എഞ്ചിൻ റീ-കണ്ടീഷണിംഗ് വാഹന ഉപയോഗ നിരക്ക്, ഇന്ധന ഉപയോഗക്ഷമത (KMPL) എന്നിവ ദേശീയ ശരാശരിയിലേക്ക് എത്തിക്കുക, സർവ്വീസുകൾ കാര്യക്ഷമമായി നടത്തുക, ഷെഡ്യൂൾ പുനഃക്രമീകരണം, ഫ്ലക്സി ഫെയർ റേറ്റ് തുടങ്ങിയവ നടപ്പിലാക്കുക, പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുക, ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുകയും, ഡ്യൂട്ടി പാറ്റേൺ പരിഷ്കരിക്കുകയും ചെയ്യുക, ബസ്-സ്റ്റാഫ് അനുപാതം നിലവിലുള്ള 8.7 ൽ നിന്നും ദേശീയ ശരാശരിയായ 5.5 നെക്കാൾ മെച്ചപ്പെടുത്തി 5 എന്ന ലക്ഷ്യത്തിലെത്തിക്കുക എത്തിക്കുക, പുതിയ ഡ്യൂട്ടി പരിഷ്കരണം നടത്തുക തുടങ്ങിയ കാര്യങ്ങൾ പ്രൊഫ.സുശീൽ ഖന്നയുടെ പ്രാഥമിക നിർദ്ദേശങ്ങളിൽപ്പെടുന്നു. |

| | | | |
|---|---|---|---|
| (ബി) | സുശീൽഖന്ന റിപ്പോർട്ടിന്റെ ശിപാർശകൾ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ ശിപാർശകളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്? | (ബി) | വർക്ക്ഷോപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ടയർ റീ-ട്രെയിഡിംഗ്, എഞ്ചിൻ റീ കണ്ടീഷണിംഗ്, വാഹന ഉപയോഗ നിരക്ക്, ഇന്ധന ഉപയോഗക്ഷമത എന്നിവ ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇന്ധന ഉപയോഗക്ഷമത, ദേശീയ ശരാശരിയിലേക്ക് ഉയർത്തുന്നതിന് ജീവനക്കാർക്ക് പ്രചോദനം എന്ന നിലയിൽ ഇൻസെന്റീവ് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശാസ്ത്രീയമായ വിന്യാസവും, ബസ് സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയായ 5.5 ലേക്ക് എത്തിക്കുന്നതിന് ഉതകുന്ന രീതിയിൽ ക്രമീകരണങ്ങൾ നടത്തുകയും ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം നടപ്പിൽ വരുത്തുകയും ചെയ്യുകയുണ്ടായി. സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനായി വരുമാന വർദ്ധനവിനുതകുന്ന രീതിയിൽ ഷെഡ്യൂൾ ക്രമീകരണവും നടത്തിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മാനേജ്മെന്റ് പ്രൊഫഷണലൈസ് ചെയ്യുന്നതിനായി IIM/ദേശീയ തലത്തിൽ പ്രശസ്തിയുള്ള സ്ഥാപനങ്ങളിൽ പഠിച്ചതും സ്വകാര്യ മേഖലയിലെ വലിയ സ്ഥാപനങ്ങളിൽ പ്രവൃത്തിപരിചയമുള്ളവരുമായ 2 ജനറൽ മാനേജർ, 3 ഡെപ്യൂട്ടി ജനറൽ മാനേജർ, 5 ചാർട്ടേഡ്/ കോസ്റ്റ് അക്കൗണ്ടന്റ് എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ